**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അഗതിരഹിത കേരളം പദ്ധതി - കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ്, പാട്യം, ചൊക്ലി, മൊകേരി, മാങ്ങാട്ടിടം, കോട്ടയം, വേങ്ങാട്, തില്ലങ്കേരി, മാടായി, പാപ്പിനിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളുടെ അഗതിരഹിത കേരളം പദ്ധതികൾക്ക് അനുമതി നൽകിയ ഉത്തരവ് ഭേദഗതി വരുത്തി പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 481/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 01/03/2019**

---

പരാമർശം (1) 07.11.2018-തീയതിയിലെ സ.ഉ.(സാധാ) നം.2859/18/തസ്വഭവ

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.12.18 ലെ 6658/എൽ/2018/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ്,പാട്യം, ചൊക്ലി,മൊകേരി,മാങ്ങാട്ടിടം,കോട്ടയം വേങ്ങാട് തില്ലങ്കേരി,മാടായി,പാപ്പിനിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളുടെ അഗതിരഹിത കേരളം പദ്ധതിക്ക് പരാമർശം(1) ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന്റെ പേര് വിട്ടുപോയിട്ടുള്ളതായും ടി പഞ്ചായത്തിന്റെ പേരു കൂടി ഉൾപ്പെടുത്തി പരാമർശം(1) ലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രാമർശം (2) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിൽ വിട്ടുപോയിട്ടുള്ള പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തി പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി.എം.ആർ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കുത്തുപറമ്പ്/പാട്യം/ചൊക്ലി/
പന്ന്യന്നൂർ/മൊകേരി/മാങ്ങാട്ടിടം/കോട്ടയം,/വേണാട്/തില്ലങ്കേരി,
മാടായി/പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**